

ധ്യാനസൂക്തം -9

ജെ.പി. വെണ്ണിക്കുളം

അടിസ്ഥാന ഉപദേശങ്ങൾ – 7

# കൂട്ടായ്മ (Fellowship)

**സ്ത്രീ– പുരുഷവ്യത്യാസമില്ലാതെ, യഹൂദൻ – യവനൻ, ദാസൻ– സ്വതന്ത്രൻ വ്യത്യാസമില്ലാത്ത ക്രിസ്തീയ കൂട്ടായ്മ കർത്താവിന്റെ രാജ്യത്തിൽ ഒരു മേശയിങ്കൽ തിന്നുകുടിക്കുന്ന വലിയ കൂട്ടായ്മയിലേക്കാണ് വിരൽചൂണ്ടുന്നത്.**

**കൂ**ട്ടായ്മ എന്നതിന് ആംഗലേയഭാഷയിൽ fellowship എന്നാണ്. യവനായ ഭാഷയിൽ കൊയ്നോനിയ എന്ന പദം ഉപയോഗിച്ചിരിക്കുന്നു.

“കൊയ്നോസ്” എന്ന ധാതുവിൽ നിന്നും ഉണ്ടായതാണ് ‘കൊയ്നോനിയ’. പൊതുവായ, പൊതുവക എന്നീ അർഥങ്ങളുണ്ട് (1 കൊരി. 10: 16; ഫിലെ. വാക്യം 6). കൂട്ടായ്മയുടെ പരിണിതഫലം എന്ന ആശയം ധ്വനിക്കുന്ന വാക്യങ്ങളാണ് റോമർ 15: 26; 2 കൊരി. 8: 4. ഇവിടെ ധർമോപകാരം, സ്വമേധാദാനം എന്നീ ആശയങ്ങളാണുള്ളത്. റോമ. 12: 13; 15: 26; ഗലാ. 6: 6; ഫിലി. 4: 15; 2 കൊരി. 9: 13; എബ്രാ. 13: 16 എന്നീ വാക്യങ്ങളിൽ യെരൂശലേമിലെ ദരിദ്രവിശ്വാസികൾക്ക് കൊടുക്കാൻ യവനായ വിശ്വാസികൾ കാണിച്ച സംഭാവനയെ സൂചിപ്പിക്കുന്നു. വചനം പഠിപ്പിക്കുന്നവർക്ക് പഠിക്കുന്നവർ എല്ലാ നന്മയിലും ഓഹരികൊടുക്കുന്നത് കൂട്ടായ്മയാണ്. ആദിമസഭ ഇപ്രകാരം ചെയ്തിരുന്നു (അപ്പൊ. 2: 42). നാം ഒരാളുമായി കൂട്ടായ്മ ആചരിക്കുവാൻ ഇടയാകുമ്പോൾ അവരുടെ പാപങ്ങൾക്ക് കൂട്ടാളികൾ ആകരുത്. അങ്ങനെസംഭവിച്ചാൽ ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ ഇല്ല എന്നാണ് പൗലൊസും മറ്റും പറയുന്നത്.

2 കൊരി. 6: 14 മുതലുള്ള വാക്യങ്ങളിൽ വേർപാടിനെക്കുറിച്ച് പൗലൊസ് വ്യക്തമാക്കുമ്പോഴും കൂട്ടായ്മയെക്കുറിച്ച് പറയുന്നുണ്ട്. സത്യവിശ്വാസിക്ക് ക്രിസ്തുവുമായി കൂട്ടായ്മയുണ്ട് (1 കൊരി. 1: 9), ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ കൂട്ടായ്മയുണ്ട് (ഫിലി. 3: 10; 1 പത്രൊ. 4: 13), അപ്പൊസ്തലന്മാരുടെയും വിശ്വാസികളുടെയും കഷ്ടങ്ങൾക്ക് കൂട്ടായ്മയുണ്ട് (2 കൊരി. 1: 7), നിന്ദകൾ, പീഡകൾ എന്നിവയിൽ (എബ്രാ. 10: 33). കഷ്ടങ്ങളിൽ കൂട്ടാളികൾ ആകുന്നത് പൊതുസത്യത്തിനുവേണ്ടി ദുഃഖങ്ങൾ പങ്കിടുകയാകുന്നു.

കർത്തൃമേശയുടെ ഉപദേശത്തിൽ ക്രിസ്തുവിന്റെ ശരീരവും രക്തവും സംബന്ധിച്ചുള്ള ആത്മാവിന്റെ കൂട്ടായ്മയെ കാണാം (1 കൊരി. 10: 16). 1 കൊരി. 13: 14; ഫിലി. 2: 1 എന്നീ വാക്യങ്ങളിൽ ക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തിന് കൂട്ടാളികളാകുന്നു എന്നു കാണാം. 2 പത്രൊ. 1: 4 ൽ വെളിപ്പെടുവാനിരിക്കുന്ന തേജസ്സിന്റെ കൂട്ടാളികൽ എന്ന ചിന്തയുമുണ്ട്. 1 പത്രൊ. 5: 1 ൽ സ്ത്രീ-പുരുഷവ്യത്യാസമില്ലാതെ, യഹൂദൻ -യവനൻ, ദാസൻ-സ്വതന്ത്രൻ വ്യത്യാസമില്ലാത്ത ക്രിസ്തീയ കൂട്ടായ്മ കർത്താവിന്റെ രാജ്യത്തിൽ ഒരു മേശയിങ്കൽ തിന്നുകുടിക്കുന്ന വലിയ കൂട്ടായ്മയിലേക്കാണ് വിരൽചൂണ്ടുന്നത്. വിശുദ്ധന്മാരുടെ ധർമശേഖരണത്തിനുള്ള കൂട്ടായ്മയെക്കുറിച്ച് പൗലൊസ് പറയുന്നുണ്ട്. യാക്കോബും കേഫാവും യോഹന്നാനും പൗലൊസിനും ബർന്നബാസിനും കൂട്ടായ്മയുടെ വലംകൈ ആയിരുന്നു. എഫെ 3: 9 ൽ സുവിശേഷഘോഷണത്തിനുള്ള കൂട്ടായ്മ എന്നു ഫിലിപ്യരെക്കുറിച്ച് പറയുന്നു. നിങ്ങൾക്ക് ഞങ്ങളോടുള്ള കൂട്ടായ്മ പിതാവിനോടും യേശുക്രിസ്തുവിനോടും ഉള്ള കൂട്ടായ്മയുടെ പരിണിതഫലമാണെന്ന് യോഹന്നാൻ വിശദമാക്കുന്നു (1 യോഹ.1: 3). വെളിച്ചത്തിൽ നടക്കുന്നവർ തമ്മിലും ഇരുട്ടിൽ നടക്കുന്നവർ തമ്മിലുള്ള കൂട്ടായ്മയുണ്ട് (1 യോഹ. 1: 7). നിത്യതയിലും വിശുദ്ധന്മാർക്ക് ദൈവത്തോടുകൂടെ കൂട്ടായ്മയുണ്ട്.

ക്രിസ്തുവിലുള്ള കൂട്ടായ്മയിൽ ദിനംപ്രതി വർധിച്ചുവരികയാണ് ഓരോ വിശ്വാസിക്കും ആവശ്യം. ഈ ബന്ധം അറ്റുപോയാൽ ക്രിസ്തുവുമായി ഒരു കൂട്ടായ്മയും നമുക്കില്ല. നിത്യതയോളം നിലനില്ക്കുന്ന ഈ ബന്ധം സുദൃഢമാക്കി മുന്നേറുകയത്രെ വേണ്ടത്. അതിനായ് കർത്താവ് സഹായിക്കട്ടെ.

(തുടരും)